# "ധ്വനി "

ഡിജിറ്റൽ

മാഗസിൻ



Abvhss....Muhamma

" ധ്വനി "






Abvhss...Muhamma

mma

4

"ധ്വനി "

# ഇത് ഞങ്ങളുടെ സ്വർഗ്ഗം ...ഒപ്പം ജീവിതവും......



Abvhss...Muhamma

mma

"ധ്വനി "

ആശംസകളോടെ....



വിവര സാങ്കേതിക വിദ്യ അഭിവൃദ്ധിപ്പെട്ടതോടുകൂടി നമ്മുടെ വിദ്യാഭ്യാസരംഗത്ത് നൂതനമായ മുന്നേറ്റമാണ് ഉണ്ടായത് .അതിവിശാലവും ആഴമേറിയതുമായ അറിവിന്റെ ലോകം വിരൽത്തുമ്പിലൂടെ നമുക്ക് ലഭിക്കുന്ന .കൈറ്റ് വഴി ഇന്ന് കുട്ടികൾക്ക് ലഭിക്കുന്ന സേവനങ്ങൾ പ്രശംസനീയമാണ് .ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന" ധ്വനി "എന്ന ഡിജിറ്റൽ മാഗസിന് എന്റെ എല്ലാവിധ ആശംസകളും നേരുന്നു .....

അഡ്വ.മംഗളാനന്ദൻ

സ്കൂൾ മാനേജർ

"ധ്വനി "

ആശംസകളോടെ....



അറിവിന്റ മായാലോകത്തേയ്ക്ക് പറന്നുയരാൻ കഴിയുന്ന പട്ടങ്ങൾ ആവട്ടെ നമ്മുടെ കുട്ടികൾ..... എന്റെ എല്ലാവിധ ആശംസകളും നേരുന്നു .........

സജീവ് .പി

ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ

"ധ്വനി "

ആശംസകളോടെ....



കുരുന്നു ഹൃദയങ്ങളിൽ നിന്നും ഉദിച്ച ഈ സർഗ്ഗ സൃഷ്ടിക്ക് എന്റെ ഹൃദയത്തിന്റെ ഭാഷയിൽ എല്ലാവിധ ആശംസകളും .......

ഷക്കീല വി കെ
ഹെഡ് മിസ്ട്രസ്

"ധ്വനി "

# എഡിറ്റോറിയൽ

അക്ഷരങ്ങളുടെ സൗന്ദര്യവും വാക്കുകളുടെ ശക്തിയും വാക്യങ്ങളിലെ ആശയങ്ങളും തിരിച്ചറിയപ്പെടുന്നത് അവ വായിക്കുമ്പോളാണ് ഈ ഹൈടെക് കാലഘട്ടത്തിൽ വായനയുടെ പുതിയ മാനങ്ങളുമായി അക്ഷരങ്ങളെ സ്നേഹിക്കുന്ന നിങ്ങൾക്ക് മുന്നിൽ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ കാഴ്ച വയ്ക്കുന്ന ഡിജിറ്റൽ മാഗസിൻ " ധ്വനി " സവിനയം സമർപ്പിക്കുന്നു .......

സ്നേഹപൂർവ്വം

ചീഫ്എഡിറ്റർ



Abvhss...Muhamma

mma

# ഇവർ സാരഥികൾ ......



















"ധ്വനി "



**വിവരസാങ്കേതികവിദ്യയുടെ മടിത്തട്ടിൽ പിറന്നുവീണ**

**ഞങ്ങൾ ഭാഗ്യവാന്മാർ .......ലിറ്റിൽ കൈറ്റ്സിൽ**

**അംഗങ്ങളാകാൻ കഴിഞ്ഞത് അതിലേറെ  ഭാഗ്യം ........**

Abvhss...Muhamma

mma

"ധ്വനി "

# ഒരു ക്ലിക്കും കൂടി പ്ലീസ് ......



Abvhss...Muhamma

mma

"ധ്വനി "

അനഘ



Abvhss...Muhamma

mma

22

" ധ്വനി "

# അറുപത്തിയൊന്നിന്റെ നിറവിൽ കേരളം...ഇന്ന് കേരള പിറവി ദിനം.....

1956 നവംബർ 1 നാണ് കേരള സംസ്ഥാനം രൂപം കൊണ്ടത്. ഭാഷ അടിസ്ഥാനത്തിൽ കേരളം സംസ്ഥാനം രൂപം കൊണ്ടിട്ട് ഇന്ന് 61 വർഷം പൂർത്തിയാവുന്നു. അറുപത്തൊന്നു വർഷത്തിനിടെ കേരളം കൈവരിച്ച നേട്ടങ്ങൾ ഏറെയാണ്. രാജ്യത്തെ മറ്റു സംസ്ഥാനങ്ങളെക്കാൾ ഒരു പടി മുന്നിലാണ് കേരളം.പഴയ മലബാർ, കൊച്ചി ,തിരുവിതംകൂർഎന്നീപ്രദേശങ്ങൾ ചെർന്നാണ് കേരളം രൂപം കൊണ്ടിരിക്കുന്നത് .സ്വതന്ത്യന്തരം ഭാഷ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾക്കുവേണ്ടി ഇന്ത്യയിലെ പല ഭാഗങ്ങളിലും ശക്തമായ പോരാട്ടം അരങ്ങേറിയിരുന്നു .

അവയുടെ എല്ലാം പ്രതാനഫലം കൂടിയാണ് സംസ്ഥാനങ്ങളുടെ പിറവി .1953 ൽ ഫസൽ അലി തലവനായും സർദാർ കെ .എം പണിക്കർ അംഗവുമായുള്ള സംസ്ഥാന പുനഃസംഘടനാ കമ്മീഷൻ രൂപവൽക്കരിച്ചു .1955 സെപ്റ്റംബറിൽ സംസ്ഥാന പുനഃസംഘടന കമ്മീഷൻ കേന്ദ്രത്തിനു റിപ്പോർട്ട് കൈമാറി .

അതിൽ കേരളത്തെ ഒരു സംസ്ഥാനമാക്കി മാറ്റാനുള്ള ശുപാർശയുണ്ടായിരുന്നു. റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തി 13 മാസങ്ങൾകുശേഷമാണ് ഇന്ത്യയുടെ ഭൂപടം തയ്യാറാക്കിയത് .

ആദിത്യൻ എസ് കുമാർ

Abvhss...Muhamma

mma

24



ഇത്





നമ്മുടെ












കേരളം.....

"ധ്വനി "

<u>ആർച്ച</u>




Abvhss...Muhamma

mma

28

# പാത്രം അറിഞ്ഞു ദാനം ചെയ്യണം





ഒരു ഗ്രാമത്തിൽ ഒരു സാഹിത്യകാരനുണ്ടായിരുന്നു .അയാൾ കഥകളെഴുതി പുസ്തകങ്ങളായി പ്രസിദ്ധികരിച്ചു .പുസ്തകങ്ങൾ വിറ്റ് അയാളും ഭാര്യയും ഉപജീവനം കഴിച്ചു വന്നു തന്റ സാഹിത്യസൃഷ്ടികൾകൊണ്ട് സമൂഹത്തിനുനേട്ടമുണ്ടാക്കണമെന്ന് അയാൾ ആഗ്രഹിച്ചു .സദാചാരകഥകളും സന്മാർഗകഥകളുമാണ് അയാൾ രചിച്ചത് .കുട്ടികൾക്ക് നേർവഴി ചൂണ്ടുന്ന കഥകളാണ് അധികവുമെഴുതിയത് .അയാളുടെ സപ്തതി പ്രമാണിച്ചു എഴുപത് കുട്ടികൾ ബാലസാഹിത്യകൃതികൾ കൊടുക്കുവാൻ തീരുമാനിച്ച വിവരം മുൻകൂട്ടി പത്രക്കാരെ അറിയിച്ചു. പത്രത്തിൽ വാർത്ത കണ്ട് സാഹിത്യകാരന് ജന്മദിനാശംസകൾ നൽകാൻ പല പ്രമുഖരും വീട്ടിലെത്തി .വന്നവരെല്ലാം സാഹിത്യകാരന് ദിർഘയുസ്സും സകല വിധ നന്മകളും നേർന്നു . സാഹിത്യകാരൻ എഴുപത് കുട്ടികളുടെ വിടുകളിൽച്ചെന്നു . അവർക്കു പുസ്തകം നൽകി .കുട്ടികൾ സന്തോഷത്തോടെ ആ പാരിതോഷികം ഏറ്റുവാങ്ങി .ഒരു രാഷ്ട്രീയ പ്രവർത്തകന് ഒരു പുസ്തകം സമ്മാനമായി കൊടുത്തു .അയാൾ പുസ്തകം ചുരുട്ടി കഷത്തിൽവച്ചുകൊണ്ട്പോയി .പുസ്തകം ചുരുട്ടി കക്ഷത്തിൽ വയ്ക്കുന്നത് കണ്ടപ്പോൾ സാഹിത്യകാരന് സങ്കടം വന്നു .പുസ്തകം ചീത്തയാക്കരുതെന്ന് അയാൾ അപേക്ഷിച്ചു .കുറെ ദിവസം കഴിഞ്ഞപ്പോൾ രാഷ്ട്രീയ പ്രവത്തകന്റെ വീട്ടിൽ സാഹിത്യകാരൻ ചെന്നു ."പുസ്തകം വായിച്ചോ ? പുസ്തകത്തെപ്പറ്റിയുള്ള അഭിപ്രായം എന്താണ് ?" സാഹിത്യകാരൻ ചോദിച്ചു ."എവിടെ വായിക്കാൻ നേരം ?"രാഷ്ട്രീയപ്രവർത്തകൻപറഞ്ഞു . പുസ്തകത്തിന്റെ വില അറിയുന്നവന് വേണം പുസ്തകം സമ്മാനിക്കുവാൻ ."പാത്രം അറിഞ്ഞ ദാനം ചെയ്യണം " എന്നാണല്ലോ പഴമൊഴി .

ആമിന എ

Abvhss...Muhamma

mma

"ധ്വനി "



Abvhss...Muhamma

mma

32

## എൻ സ്കൂൾക്കാല സഖി

എൻ സ്കൂൾക്കാല സഖി
നി എവിടെ നീ എവിടെ
എൻ സ്കൂൽക്കാലങ്ങളിൽ
നി  എൻ മനസ്സിൽ പൂവായ്
കായായി വളർന്നു
പുലരിയായി നി എൻ
മനസ്സിനെ ഉണർത്തി
മന്ദമാരുതനായി നി
എന്നെ തഴുകി
എൻ മനം നീയൊരു
വസന്തകാലമാക്കിത്തീർത്തു
വിരഹങ്ങളെ കണ്ണുനീർ
തുള്ളിയാക്കി,സന്തോഷങ്ങളെ
സമുദ്രമാക്കിയും നീ
എൻ ജീവിതത്തെ
തള്ളിനീക്കി
എന്നും എൻ മനം
നിനക്കുവേണ്ടി തുടിക്കുന്നു
എൻ സഖി .






അപർണ്ണ എസ്

Abvhss...Muhamma

mma

" ധ്വനി "

ആർച്ച



" ധ്വനി "

Abvhss...Muhamma

mma

"ധ്വനി "

# തെറ്റ് ആരുടേതാണ്



മൂന്നാം ക്ളാസുകാരി സ്നേഹക്കു മൂന്ന് വയസുകാരി അനിയത്തി കൊച്ചുവുണ്ട്. അനിയത്തിയെ ചേച്ചിക്ക് ഭയങ്കര ഇഷ്ടമാണ് .ചേച്ചി അനിയത്തി തന്റെ മുതുകത്തു കേറ്റകൊണ്ട് നടക്കും . ചേച്ചിയോട് അനിയത്തിക്കും വലിയ സ്നേഹമാണ് . പാലകളികളും ഇരുവർക്കും ഭയങ്കര ഇഷ്ടമാണ് . കളി കഴിഞ്ഞാൽ സ്നേഹ പഠിക്കാൻ കേറും .കൊച്ചുവിനോട് തനിച്ചു കളിക്കാൻ പറയും. കൊച്ചു അനുസരിക്കുകയില്ല . അവൾ കുറുമ്പിയാണ്.അവൾ ചേച്ചിയുടെ പുസ്തകങ്ങൾ എടുക്കും . ഒരു ദിവസം പുസ്തകങ്ങളിൽ അവൾ കുത്തിവരച്ചപ്പോൾ അമ്മയോട് അവൾ പറഞ്ഞു . 'അമ്മ പറഞ്ഞു ഇനി വരയ്ക്കുകയാണെങ്കിൽ നിന്റെ തുട നാൻ പൊട്ടിക്കും എന്ന് . നീ സൈക്കിൾ ചവിട്ടി കളിക്ക് എന്ന് .ഒരു ദിവസം സ്നേഹ ഉത്തര പേപ്പർ ഡെസ്കിൽ വെച്ചപ്പോൾ കൊച്ചു വന്നു കുത്തിവരച്ചു . വരക്കല്ലേ എന്ന് പറഞ്ഞു സ്നേഹ പൊട്ടിക്കരഞ്ഞു . കൊച്ചു അനുസരിച്ചില്ല . അവൾ വരച്ചു . സ്നേഹക്കു സങ്കടം വന്നു . അവൾ കൊച്ചുവിനെ തല്ലി . കൊച്ചു കരഞ്ഞു. നിലവിളി കേട്ട് 'അമ്മ ഓടി വന്നു . വിവരമറിഞ്ഞപ്പോൾ 'അമ്മ സ്നേഹയുടെ നേരെ തിരിഞ്ഞു . ചോദിച്ചു ,, എന്തിനാടി നീ എന്റെ കൊച്ചിനെ തല്ലിയത് ? . . 'അമ്മ സ്നേഹയെ അടിച്ചു . മോളെ ചേച്ചി തല്ലി അല്ലെ ? അവൾ ചീത്തയാണ് ,,എന്ന് പറഞ്ഞുകൊണ്ട് അവളെ ഓമനിച്ചു . അപ്പോൾ സ്നേഹ പറഞ്ഞു ,,അവൾ എന്റെ ബുക്കിൽ കുത്തിവരച്ചിട്ടല്ലേ അവളെ നാൻ തല്ലിയത് . നിന്റെ പുസ്തകത്തിൽ വരച്ചാൽ നീ തല്ലാമോ . 'അമ്മ ചോദിച്ചു ? 'അമ്മ പറഞ്ഞില്ലേ വരച്ചാൽ തുടപ്പൊട്ടിക്കുമെന്നു ..? കുട്ടികൾ തെറ്റ് ചെയ്യുന്നതിന്റെ മൂല കാരണം നോക്കിയാൽ മാതാപിതാക്കൾ തന്നെ .......

അഭിനവ് കെ എസ്

Abvhss...Muhamma

mma

# എന്റെ മോഹങ്ങൾ

ഇവിടെ എനിക്കിത്തിരി മണ്ണ് വേണം

ഇടയന്റെ പാട്ടിന്റെ ഈണം വേണ

കുളിർ ചോരുമോടക്കുഴലും വേണം

നീലനീലമഴ പെയ്യുവേണം

മണ്ണിൽ വിരിയും പൂമ്പാറ്റ വേണം

നീളെ  നനുത്ത മരങ്ങൾ വേണം

ആദിത്യൻ എം എസ്



"ധ്വനി "

ആർച്ച



Abvhss...Muhamma

mma

"ധ്വനി "

# പഴംപൊരി

എന്നെ എന്നമ്മയിൽ നിന്ന് വേർപിരിച്ച
കൂട്ടത്തിലെൻ സഹോദരങ്ങളെയും
ആരോ നിയന്ത്രിച്ച വണ്ടിയിൽ കൊണ്ടു-
പോയി എന്നെ എന്തിനോ വേണ്ടി ........
തടവറയിലായി ഞാനും എൻ കൂട്ടരും ....
ഓരോരുത്തരെ അവർ നഗ്നരാക്കി
എന്മേനി മൊത്തത്തിൽ മൂർച്ചയുള്ളയുധ-
ത്താലവർ അറുത്തു  മുറിച്ചു മാറ്റി ...
എന്നുടെ മേനിയിൽ തേച്ചു ദ്രാവകം
പോലുള്ള ഏതോ ഒരു വസ്തു
എന്നെയവൻ വേറൊരു ദ്രാവകത്തിൽ
മുക്കിയെടുത്തു പിന്നെ
ചായക്ക് കടിയായി എന്നെ എടുത്തപ്പോൾ
അങ്ങനെനിക്ക് പേരുവീണു .....
മലയാളിയുടെ കഴിവാണ്
പഴംപൊരി എന്നൊരു പേരാണ്



വീണ



Abvhss...Muhamm
mma
44


"ധ്വനി "

ഒരു ചെറിയ വലിയ കാര്യം കേൾക്കു .......


# ചെറുവിരലിന്റെ സവിശേഷത

പണ്ട് പണ്ട് വിരലുകൾ തമ്മിൽ തർക്കം നടന്നു ആരാണ് വലുതെന്നു.തള്ള വിരൽ പറഞ്ഞു എന്നെയാണ് വിരലുകളുടെ അമ്മ എന്ന് പറയുന്നത്. ചൂണ്ടു വിരൽ പറഞ്ഞു എന്നെയാണ് എല്ലാരും ചൂണ്ടാൻ ഉപയോഗിക്കുന്നത് .നടുവിരൽ പറഞ്ഞു എനിക്കാണ് ഏറ്റവും പൊക്കം മോതിരവിരൽ പറഞ്ഞു എന്നെയാണ് ദമ്പതിമാർ മോതിരം അണിയിക്കുക .ചെറു വിരൽ ഒന്നും മിണ്ടാതെ തല താഴ്ത്തി നിന്ന്. പിറ്റേ ദിവസം ചെറുവിരൽ പറഞ്ഞു ഇന്ന് സൂര്യനെ തൊഴുതപ്പോൾ ഞാനാണ് മുമ്പിൽ നിന്നതു.നിങ്ങൾ എന്റെ പുറകിൽ ആണ് നിന്നതു.അത്കൊണ്ട് ഞാനാണ് നിങ്ങളെക്കാളും മുമ്പേ സൂര്യനെ കാണുന്നത് എന്ന് പറഞ്ഞപ്പോൾ എല്ലാവര്ക്കും അവരവരുടേതായ കഴിവുകൾ ഉണ്ടെന്നു മനസിലായി

കൃഷ്ണ









Abvhss...Muhamma

mma

" ധ്വനി "



Abv

mm

"ധ്വനി "

## *ത്തി .......*

തൊട്ടാൽ മുറിയും കത്തി
നല്ല രുചിയാണ് മത്തി
പാമ്പിനുണ്ടൊരു പത്തി
സുഗന്ധമുള്ളൊരു ചെത്തി

-ആദിത്യൻ.അനിൽ



Abvhss...Muhamma

mma

# തേൻകുരുവി


ചെല്ലക്കുരുവി തേൻ കുരുവി ............
എന്നുടെ കൂടെ പോരുന്നോ ?
കൂടുണ്ടാക്കാൻ ചകിരി തരാം ....
വള്ളിതരാം ഞാൻ കമ്പു തരാം
ചെല്ലകുരുവി ....തേൻ കുരുവി ........
എന്നുടെ കൂടെ പോരുന്നോ

അതുൽ



"ധ്വനി "

ആർച്ച



Abvh

mma

" ധ്വനി "

# ടോമിയുംടിന്റുവും

**പമ്മന് രണ്ടു പട്ടികളുണ്ട് .അൽസേഷൻ വർഗത്തിൽപ്പെട്ട പട്ടികൾ .ഒരാൺപട്ടിയും ഒരു പെൺപട്ടിയും .ടോമിയും ടിന്റുവും .കുഞ്ഞായിരുന്നപ്പോൾ ബാംഗ്ളൂരിൽ നിന്നും വാങ്ങികൊണ്ടുവന്നതാണ് .പട്ടികൾ വളർന്ന് പെൺപട്ടി പ്രസവിക്കുമ്പോൾ പട്ടികുഞ്ഞിൻകളെ വിറ്റ് വില വാങ്ങാം എന്ന് പമ്മൻ മനക്കോട്ട കെട്ടി .പട്ടികൾക്ക് പാർക്കാൻ കൂടുണ്ടാക്കി .ഇറച്ചിയും മുട്ടയും പാലും ചോറും കൊടുത്തു പട്ടികളെ വളർത്തി. പട്ടികൾ വളരുന്നുണ്ടോ എന്ന നിത്യവും നോക്കി .പമ്മന്റെ പട്ടിപ്രേമം അവന്റെ അച്ഛന് ഇഷ്ടപ്പെട്ടില്ല .അച്ഛൻ മകനെ നിരുത്സാഹപ്പെടുത്തി . "പട്ടികളെ കൂട്ടിലിട്ട് വെറുതെ തീറ്റകൊടുത്തതുകൊണ്ട് കാര്യമില്ല .പട്ടികളെ പരിശീലിപ്പിക്കണം .അല്ലെങ്കിൽ ശല്യമായിത്തീരും ".അച്ഛൻ പറഞ്ഞു .പട്ടികളെകൊണ്ട് ശല്യമുണ്ടാകുകയില്ലന്ന് പമ്മന് വേണ്ടി 'അമ്മ ഉറപ്പുകൊടുത്തപ്പോൾ അച്ഛൻ നിശബ്‌ദനായി . പമ്മൻ തീറ്റകൊടുത് പട്ടികളെ വലുതാക്കാൻ മാത്രം നോക്കി .വലുതാക്കി പ്രസവിച്ചാൽ കുഞ്ഞുങ്ങളെ വിൽകാം .ഇതു മാത്രമായിരുന്നു പമ്മന്റെ ലക്ഷ്യം . ഒരു ദിവസം സന്ധ്യാനേരത് അവൻ പട്ടികളെ കൂട്ടിൽനിന്നു തുറന്നുവിട്ടു കളിപ്പിച്ചു .അന്ന് പുഴയുടെ മറുകരയിലുള്ള കാഞ്ഞൂർ പള്ളിയിൽ പെരുന്നാളായിരിന്നു**



**.പള്ളിയിൽ വെടിക്കെട്ടു തുടങ്ങി .ഇടതടവില്ലാതെ അമിട്ട് പൊട്ടുന്ന ശബ്ദം കേട്ട് പട്ടികൾ ഭയന്നുവിറച്ചു അവറ്റകൾ ജീവിതത്തിൽ ആദ്യമായിആണ് വെടിക്കെട്ടിന്റെ ശബ്ദം കേൾക്കുന്നത് . പട്ടികളുടെ ഭയം കണ്ടപ്പോൾ പട്ടികളെ വിളിച്ചു കൂട്ടിൽ കയറ്റാൻ പമ്മൻ ശ്രമിച്ചു**



mma

## "ധ്വനി "

."ടോമി ,ടിന്റു കൂട്ടിൽ കയറ് "അവൻ പറഞ്ഞു. ടിന്റു കൂട്ടിൽ കയറി ടോമി ഓടി ഗേറ്റ് കടന്നു .പമ്മൻ

പിന്നാലെ ചെന്നു വിളിച്ചു .എത്ര വിളിച്ചിട്ടും പട്ടി തിരിഞ്ഞു നിന്നില്ല .പട്ടിയെ പിടിക്കാൻ കഴിഞ്ഞില്ല .പട്ടി വെടിക്കെട്ടിന്റെ ശബ്ദം കേട്ട് പേടിച്ച ഓടി .ഓടി അങ്ങ് അകലേക്ക് പോയി .പിന്നെ പട്ടിയെ കണ്ടില്ല .പമ്മൻ പട്ടിയെ അന്വേശിച്ച നാട് മുഴുവൻ നടന്നു . ഒരിടത്തും കണ്ടില്ല .നിരാശനായി തിരിച്ചു വീട്ടി വന്നു . ആ സംഭവത്തിനു ശേഷം രണ്ടു മാസം കഴിഞ്ഞു പമ്മൻ കാലടിയിൽ ഒരു മില്ലിൽ ചെന്നപ്പോൾ അടുത്ത വീട്ടിൽ ഒരു പട്ടിയെ കണ്ടു .കാഴ്ചയിൽ ടോമിയെപോലെയിരിന്നു .അവൻ ടോമി എന്ന പറഞ്ഞു വിളിച്ചു .പട്ടി ഓടി വന്ന് പമ്മന്റെ കാലിൽ രണ്ടു കൈകൾ കൊണ്ടും കെട്ടി പിടിച്ചു



.അത് ടോമിയായിരിന്നു .പമ്മൻ പട്ടിയെ കണ്ട വീട്ടിൽ ചെന്ന് തിരക്കി .പട്ടി വന്നു കിട്ടിയതാണെന്നു വീട്ടുകാർ പറഞ്ഞു .തന്റെ പട്ടിയാണെന്നും പട്ടി വീടുവിട്ടുപോരാനുണ്ടായ കാരണവും പമ്മൻ പറഞ്ഞു.വീട്ടുകാർ പട്ടിയെ തിരിച്ചുകൊടുത്തു .പമ്മൻ പട്ടിയെ വിളിച്ചു വീട്ടിൽ കൊണ്ടുവന്നു കൂട്ടിലാക്കി.കുറെനാൾകഴിഞ്ഞ കഴിഞ്ഞ ഒരു ദിവസം കൂടുതുറന്നു പുറത്തുകടത്തി പമ്മൻ പട്ടികളെ കളിപ്പിച്ചുകൊണ്ട് നിൽക്കുമ്പോൾ വല്ലം പള്ളിയിൽ വെടിക്കെട്ട് കേട്ടു .പട്ടികൾ പേടിച്ചു ഓടി .പമ്മൻ പിന്നാലെ ചെന്ന് വിളിച്ചു .ടിന്റു കൂട്ടിൽ വന്നു കയറി.ടോമി തിരിഞ്ഞുനോക്കാതെ ഓടി .ഓടി പോകുന്ന വഴി പുഴയിൽ ചാടി നീന്തി .അനുസരണയില്ലാത്ത പട്ടി ലക്ഷ്യമില്ലാതെ നീന്തി .അവസാനം പുഴയിൽ താണു ......




ആരോമൽ

"ധ്വനി "

Abvhss...Muhamma

mma

60

"ധ്വനി "

**<u>കണ്ടൻപൂച്ചയും വീരൻ പട്ടിയും</u>**

*അനിലിന് കണ്ടൻപൂച്ചയും വീരൻ പട്ടിയും ഉണ്ട്. പൂച്ചയും പട്ടിയും വിക്രികളാണ്. അവർ പരസ്പരം വഴക്കു കൂടാറുണ്ട്. എങ്കിലും അനിലിന്റെ കൂടെ അവർ കളിക്കും . കളിച്ചുകൊണ്ടിരിക്കുമ്പോൾ അനിൽ ബിസ്കറ്റ് കൊണ്ടുവന്നു രണ്ടുപേർക്കും കൊടുക്കും . അവരുടെ വികൃതികണ്ടു അനിൽ സന്തോഷിച്ചു .. ഒരു ദിവസം കണ്ടൻപൂച്ചയും വീരൻ പട്ടിയും കളിച്ചു കളിച്ചു കളി കാര്യമായി . വീരൻ പട്ടി പൂച്ചയെ തല്ലി . പൂച്ച പട്ടിയുടെ മുഖത്ത് തല്ലി . പൂച്ച ഓടി വീടിന്റെ അടുക്കളയിൽ ചെന്ന് ഉച്ചത്തിൽ വിളിച്ചു ഞാൻ ഇവിടെ ഉണ്ട്,,,പറ്റുമെങ്കിൽ നീ എന്നെ പിടിക്ക്. പട്ടി ഓടി അകത്തേക്ക് ചെന്നതും അനിലിന്റെ 'അമ്മ അവനെ തല്ലി ഓടിച്ചു . അവൻ പകയോടെ പുറത്തു കാത്തു നിന്ന്. അനിലിന്റെ*



*'അമ്മ അടുക്കളയിൽ ചെന്ന് നോക്കി . കറികൾ മറിഞ്ഞു പോയി . പൂച്ച ഓടി അടുക്കളയിൽ കേറിയപ്പോൾ ഉണ്ടായതാണ്. അനിലിന്റെ അമ്മയ്ക്ക് ദേഷ്യം വന്നു . 'അമ്മ വടിയെടുത്തു പൂച്ചയെ അടിച്ചു . പൂച്ച അടികൊള്ളുന്നതു കണ്ടപ്പോൾ വീരൻ പട്ടിക്കു സന്തോഷമായി . എന്നിട്ടു അവൻ ഉച്ചത്തിൽ പറഞ്ഞു നീ ഇങ്ങു പുറത്തേക്കു വാ നിന്നെ ഞാൻ ശെരിയാക്കുന്നുണ്ട്. അവൻ എന്ത് ചെയ്യണമെന്ന് അറിയാതെ അടുക്കളയിൽ പതുങ്ങിയിരുന്ന്. അനിലിന്റെ അമ്മെ പട്ടിയോടു മുറ്റത്തു പോകാൻ പറഞ്ഞു . അവൻ പോയില്ല . പൂച്ചയെ പിടിക്കാൻ നോക്കി നിന്നു . വീരൻ പോകാതെ നിന്നപ്പോൾ 'അമ്മ അവനെ തല്ലാൻ പോയി . അപ്പോൾ പൂച്ച വട്ടം നിന്ന് ആ അടി സ്വയം വാങ്ങി . അവർ ഇരുവരും അവിടുന്ന് രക്ഷപെട്ടു . അതിനു ശേഷം ഇരുവരും സഹോദരങ്ങളെപ്പോലെയാണ് . വഴക്കുകൂടിയിട്ടില്ല .......*

Abvhss...Muhamma

mma

" ധ്വനി "

***<u>അഭി</u>***




Abvhss...Muhamma

mma

64

"ധ്വനി "



Abvhss...Muhamma

mma

-

**"ലിറ്റിൽകൈറ്റ്സ്ക്ലബ്ബ്" ........ഹാർഡ് വെയർ,ഇലക്ട്രോണിക്സ്,അനിമേഷൻ, സൈബർ സുരക്ഷ,മലയാളം കമ്പ്യൂട്ടിംഗ്, മൊബൈൽ ആപ് നിർമ്മാണം തുടങ്ങിയ മേഖലകളിൽ കുട്ടികൾക്ക കൃത്യമായ പരിശീലനം നൽകുന്നു.....**

**അഡ്മിഷൻ ഉടൻ ആരംഭിക്കുന്നു .....**

**സമീപിക്കുക .....**

# “ABVHSS......Muhamma”

"ധ്വനി "





Abvhss...Muhamma


mma

70

# മർത്ത്യൻ



അറിയുന്ന മർത്ത്യൻ
വളർന്നുവന്നതു ചെടികളിൽനിന്ന് ,
മൃഗങ്ങളിൽനിന്ന് , തണുത്തലിഞ്ഞൊരു
പൊടിയിൽ നിന്നെന്നും
അവൻ വളർന്നതിനെവിടേക്കായാലു-
മിടറി പിന്നെയും ചെടിയിലേക്കാണ
കിളിയിലേക്കാണ മടങ്ങുവതെന്നും .
ചെളിയിൽ മുങ്ങുന്ന,പറന്നിരിക്കുന്ന
ഒടുങ്ങുന്നില്ലവനൊരിക്കലും, ഉയി -
രോഴുന്നതൊക്കയുംമുയിർ തുടരുന്ന
ചുവരിലൊട്ടമിക്കരുന്നപ്രാണിയും
തെരുവിൽ യാചിക്കമിളംകുരുവിയും
ഉയരെ വനിലയ്ക്കൊരിറ്റ നീരിനാ -
യുദാലുനീട്ടമീപ്പനയും, ധ്യാനത്തിൽ
മുഴുകി മെല്ലയായി നടക്കുമനയും
സകലവും, ഞാനുമവരും ഒന്നല്ലോ.
പരിണാമത്തിന്റെയുരുവങ്ങൾ താണ്ടി -
യിഹാലോകത്തെയും പരലോകത്തെയും
മരണത്തെപ്പോലും പുതിയതാമൊരു
ക്രമത്തിലേക്കന്തിത്തെറിപ്പിക്കുന്നവർ



കീർത്തന

Abvhss...Muhamma
mma

" ധ്വനി "


















Abvhss...Muhamma

mma

74

# ആരതിയുടെ ചിരി

ആരതി  മൂന്നാം സ്റ്റാൻഡേർഡിലാണ് പഠിക്കുന്നത് .ഒരൊഴിവുദിവസം രാവിലെ ടി .വി .കണ്ടുകൊണ്ടിരിന്നപ്പോൾ 'അമ്മ പറഞ്ഞു . "ടി .വി. ഓഫ് ചെയ്തു പോയിരുന്നു വായിക്കടി ".  ആരതി  അമ്മ പറഞ്ഞത് അനുസരിച്ചില്ല .ടി .വി യുടെ മുന്നിൽ നിന്ന് അവൾ എഴുന്നേറ്റില്ല . "എന്തടി നിന്നോട് പറഞ്ഞിട്ട്  അനുസരിക്കാത്തത് ?"എന്ന് ചോദിച്ചു കൊണ്ട് മകളെ അടിച്ചു . കുട്ടി കരഞ്ഞു കൊണ്ട് ,പത്രം വായിച്ചിരുന്ന അച്ചാച്ചന്റെ അടുത്ത് ചെന്ന് പറഞ്ഞു :'അച്ഛാച്ച എന്ത് കഷ്ടമാണ് .അമ്മ സദാസമയവും പഠിക്ക് പഠിക്ക് എന്നു പറഞ്ഞു അടിക്കയാണ് .ടി .വി .കാണാൻ സമ്മതിക്കുന്നില്ല ".



 "ആരതിയെ  അടിച്ചു കരയിക്കല്ലേ .കാര്യങ്ങൾ സൗമ്യമായി കുട്ടിക്ക് പറഞ്ഞുമനസിലാക്കികൊടുക്കു ".അച്ചാച്ചൻ ആരതിയുടെ അമ്മയോട് പറഞ്ഞു . ആരതിയുടെ അമ്മക്ക് ആ സംസാരം ഇഷ്ടപ്പെട്ടില്ല ."അമ്മക്ക് മോളെ തല്ലാൻ പാടില്ലേ ?എന്ന് ചോദിച്ചു കൊണ്ട് അച്ചാച്ചന്റെ നേരെ തിരിഞ്ഞു . "ഞാൻ പറയുന്നത് അനുസരിച്ചാൽ മതി .മറ്റാരും പറയുന്നത് കേൾക്കേണ്ട ".അമ്മ മകളോട് പറഞ്ഞു .കുടുംബകലഹം ഉണ്ടാകാതിരിക്കാൻവേണ്ടി അച്ചാച്ചൻ മൗനം പാലിച്ചു .ആരതി  കരഞ്ഞു കൊണ്ട്  അച്ചാച്ചന്റെ മടിയിൽ കയറി ഇരിന്നു .അച്ചാച്ചൻ പേരക്കുട്ടിയെ നല്ല വാക്കുകൾ പറഞ്ഞു സമാധാനിപ്പിച്ചു . ഒരു പുഞ്ചിരിയും നല്ല വാക്കും എപ്പോഴും വിലപ്പെട്ടതാണ് .അച്ചാച്ചനും പേരക്കുട്ടിയും സംസാരിച്ച് ചിരിച്ചു കളിച്ചിരുന്നു .പെട്ടന്ന് ഒരു കാർ വന്നു വീടിന്റെ മുൻവശത്തുനിന്നു .ആരതിയുടെ സാബുച്ചാച്ഛൻ കാറിൽ നിന്നിറങ്ങി .കപ്പലിലെ ക്യാപ്റ്റനാണ് അയാൾ .ആരതിക്ക് തയ്‌വാൻ നിർമ്മിതമായ ഒരു ആർട്ട്പാർക്ക്  സമ്മാനമായി കൊടുത്തു .മനോഹരമായ ഒരു പെട്ടിയാണത് .അതിൽ പന്ത്രണ്ടുതരം കളർ പേനകൾ

Abvhss...Muhamma

mma

"ധ്വനി "

,മുപ്പത്തിരണ്ടുത്തരം ചായ പെൻസിലുകൾ ,പതിനെട്ടു തരം ചായ കേക്കുകൾ ,ഒരു എച്ച്
.ബി  പെൻസിൽ ,ഒരു ബ്രഷ് ആർട്സ് ബോക്സ് ,ഇരുപത് ഓയിൽ പേസ്റ്റൽസ് എന്നിവ

ഉണ്ടായിരുന്നു .ആരതി ചായപെൻസിലും  കലർകേക്കും ഉപയോഗിച്ച്  ചിത്രങ്ങൾ വരച്ചു
.ആന ,മയിൽ ,ഒട്ടകം, കാക്കകോഴി ,കുയിൽ

പട്ടി ,പൂച്ച ,പമ്പ് എന്നിങ്ങനെ പലതും വരച്ചു .വരച്ച ചിത്രങ്ങളെല്ലാം അച്ചാച്ചനെ കാണിച്ചു
."ചിത്രങ്ങളെല്ലാം നന്നായിട്ടുണ്ട് മോളെ "അച്ചാച്ചൻ പറഞ്ഞു  . അച്ചാച്ചന്റെ അഭിനന്ദനം
കേട്ടപ്പോൾ ആരതി ആഹ്ലാദിച്ചു . അവൾ വരച്ച ചിത്രങ്ങളുമെടുത്തുകൊണ്ട് മുറ്റത്തേക്കിറങ്ങി
.ഒരു ചെറിയ വടിയെടുത്തു .ചെടിയുടെ ചുവട്ടിൽ ചെന്ന് നിന്നു ചിത്രങ്ങൾ താഴെ
നിർത്തിവെച്ചു .മുമ്പിൽ കുട്ടികൾ ഇരിക്കുന്നതായി സങ്കൽപ്പിച്ചു .അവൾ അധ്യാപികയായി
മാറി .   "പറയു കുട്ടി എന്താണ് ഇതിന്റെ പേര് ?ആന
ഇതിന്റെ പേര് -മയിൽ
ഇത്ഒട്ടകംങ്ങനെഓരോ പേരും പറഞ്ഞുകൊണ്ടിരുന്നു
.ഇടയ്ക്കു "എന്താ കുട്ടി മിണ്ടാത്തെ ?"എന്ന്
ചോദിച്ചുകൊണ്ട് ചെടിയിൽ അടിച്ചു . എങ്ങനെ കുട്ടികളെ
പഠിപ്പിച്ചുകൊണ്ട് നിന്നപ്പോൾ അച്ചാമ്മ വിളിച്ചു :"ആരതി
മോളെ ,കുളിക്കാൻ വാ ". ആരതി ഓടിപോയി എണ്ണതേച്ചു
കുളിക്കാൻ ചെന്ന് .ഉടുപ്പ് അലക്കാനും പിഴിയാനും



അച്ചമ്മയെ സഹായിച്ചു കുളികഴിഞ്ഞു കഞ്ഞികുടിച്ചു .ആരും പറയാതെ പാഠപുസ്തകമെടുത്ത്
പഠിക്കാൻ തുടങ്ങി .അയൽപക്കത്തെ അമ്മു അപ്പോൾ വിളിച്ചു പറഞ്ഞു :"ആരതിയെ ,ടി
.വി .യിൽ ഇന്ന് സിനിമയുണ്ട് " "ഞാൻ ടി .വി .കാണുന്നില്ല .ചാച്ചൻ പറഞ്ഞിരിക്കുന്നത്
സിനിമയും സീരിയലും പിള്ളേർ കാണരുതെന്നാണ് .നല്ല കുട്ടിയായി പടിച്ചു നല്ല മാർക്ക്


Abvhss...Muhamma

mma

"ധ്വനി "

നേടിയാൽ ചാച്ചൻ എനിക്ക് സമ്മാനം തരാമെന്നു പറഞ്ഞിട്ടുണ്ട് .ഞാൻ ചാച്ചൻ പറഞ്ഞത് അനുസരിക്കും .ചാച്ചൻ എനിക്ക് നല്ല സമ്മാന പെട്ടി കൊണ്ടുവന്നുതന്നിട്ടുണ്ട് .നീ വന്നാൽ കാണിച്ചു തരാം ."ആരതി സന്തോഷത്തോടെ ഇരുന്നു വായിച്ചു ....പഠിച്ചു ....

ആദിത്യൻ




Abvhss...Muhamma


mma

80

"ധ്വനി "

## മനം കവരുന്ന ഗുരു

ഹിമാലയത്തിൽ നിന്ന് മഞ്ഞു -
കാര്യങ്ങൾ ഉരുകുന്ന സൂര്യനെ -
പ്പോൽ എൻ  മനസ്സിൽ ജ്വലാ -
കളെല്ലാം ഉരുക്കിയടുത്തു
എൻ ഗുരു മറ്റുള്ളവരുടെ
മനസ്സു കാക്കാനും നിൽക്കാനും
പഠിപ്പിച്ചു എന്നെ
നേർവഴികൾ കാട്ടിത്തന്നു
എന്റെ ഗുരു
കലക്കവെള്ളത്തിൽ മീൻ
പിടിക്കാനും തെളിഞ്ഞവള്ള -
ത്തിൽ മീൻ പിടിക്കാനും
പഠിപ്പിച്ചു എന്നെ
ജീവിതകാലം മുഴുവൻ ജീവിക്കാ -
നുള്ള മാനസിക ധൈര്യവും
പിൻതുണയും തന്നു എന്നെ
നിലനിർത്തി .പക്ഷേ പിന്നെ
പിന്നെ അതിന്റെ അളവുകളും
ളുക്കങ്ങളും കുറഞ്ഞു തുടങ്ങി
ഒരു പക്ഷെ മറ്റുള്ള ശിഷ്യരെ
വച്ചു നോക്കുമ്പോൾ ഞാൻ ഗുരു -
വിന്റെ മുൻബിൽ ഒന്നുമല്ലായിരിക്കാം
എനിക്ക് മറക്കാൻ കഴിയുന്നില്ല .
ആ കാലം ഏതൊരു ഗുരുവും
അസൂയയോടെ നോക്കിനിന്ന
ഗുരുശിക്ഷ്യ ആത്മബന്ധം



Abvhss...Muhamma


mma

"ധ്വനി "

ഈയൊരു ഓർമ്മകൾ മാത്രംമതി
എന്റെ ജീവിതം ധന്യമായി                                        വിജയ്

**എന്നെ ഓർമ്മയുണ്ടോ .......**

**പണ്ട് നിങ്ങൾക്കെന്നെ ഏറെ പ്രിയമായിരുന്നു .....**



Abvhss...Muhamma

mma

84

"ധ്വനി "

**എന്നെയും .......**



**എന്നാൽ ഇപ്പോഴോ ........**





Abvhss...Muhamma

mma


86

"ധ്വനി "

**എന്നാൽ ഇപ്പോഴോ......**

**ഇപ്പൊ ഇവനെയല്ലേ എല്ലാവർക്കും ഇഷ്ടം ......**





Abvhss...Muhamma

mma

88

# മാറുന്ന ശീലം



രാവിലനീട്ടുആരിവപ്പിൻ തണ്ടു കൊണ്ടു തേക്കാൻ
ഇഷ്ട്ടം
ഇപ്പോൾ ബ്രഷും പേസ്റ്റും കൊണ്ട് പല്ലുതേച്ചില്ലേൽ
അമ്മെന്നെ തല്ലും
അതുകഴിഞ്ഞാടി കുളത്തിലും ചാടി
നീരാടുവാനാണെനിക്കിഷ്ട്ടം
ബാത്രൂമിൽ പോയിട്ട് സോപ്പിട്ട് കുളിക്കാടെ എന്ന്
ഇപ്പോഴും പറയും
കുത്തരിക്കഞ്ഞിയിൽ ഉപ്പിട്ട് മുളകിട്ട് തിന്നുവാനാണെനിക്കിഷ്ടം
ബ്രഡുണ്ട് ജമുണ്ട് വേഗം കഴിക്കട 'അമ്മ എപ്പോഴും പറയും
വൈന്നേരം വന്നാൽ കാൽ പന്തു കളിയിൽ ഏർപ്പാടാനാണെനിക്കിഷ്ടം
ചായകുടിച്ചിട്ട് പോയിരുന്നു പഠിക്ക് അമ്മ എന്നോട് ചൊല്ലും
ദീപത്തിൻ മുന്നിൽ മുത്തശ്ശിയോടൊത്തു സന്ധ്യനാമം ചൊല്ലുവനിഷ്ടം
സീര്യല്ല കഴിഞ്ഞിട്ട് നേരമില്ലമ്മക്ക് ദീപം തളിക്കാൻ നേരമില്ല
അച്ഛന്റെ മാറിൽ ചൂടൊന്നു പറ്റി കിടക്കുവാണെനിക്കിഷ്ട്ടം
തനിച്ച് കിടന്നൂടെ
നിനക്കെന്നുചൊല്ലും
അച്ഛനോ ചീത്ത പറയും



-

-ആദിത്യൻ അനിൽ

Abvhss...Muhamma

mma

# മഴയേ പോ...

മഴ കനത്തു നിന്നു
വെള്ളമാകെ കവിഞ്ഞു
തോട് നിറഞ്ഞു,കുളം കവിഞ്ഞു
മേഘങ്ങളാകെ കരഞ്ഞു

ഞാനും എന്റച്ഛനും അമ്മയും കൂരയിൽ
പേടിച്ചു പേടിച്ചു നിന്നു
ഞാൻ പറഞ്ഞു-മഴയെ പോ..,
നാളെ വാ,നാളെ വാ



മനം നിറഞ്ഞു, മാനം തെളിഞ്ഞു
മഴയാകെ കുറഞ്ഞു
ജനലിൽ  വെള്ളത്തുള്ളികളിൽ
സൂര്യ കിരണം പതിഞ്ഞു

പുൽമേട്ടിലും വെള്ളം
പാടശേഖരങ്ങളിലും വെള്ളം
വെള്ളത്തിൽ നീരാടുവാൻ
പച്ചത്തവളകളും

മഴയും പോയി
വെയിലും വന്നു
അടുത്ത മഴക്കായി
ഞാൻ കാത്തു നിന്നു

സഞ്ജയ്

Abvhss...Muhamma

mma

"ധ്വനി "

# വെള്ളപ്പൊക്കത്തിൽ ......


www.mathrubhumi.com

എല്ലാ ഭേദ പാവങ്ങൾക്കും അപ്പുറമാണ് ജീവൻ എന്ന യാഥാർഥ്യം തെളിക്കുന്നതാണ് ഓരോ പ്രകൃതി ദുരന്തവും .പ്രകൃതിയുടെ താണ്ഡവത്തിനു മുന്നിൽ ജാതി മത വ്യത്യാസങ്ങൾ ഇല്ല .പണക്കാരനെന്നോ പാവപെട്ടവനോ എന്ന വേര്തിരിവുകളല്ല ;പണ്ഡിത പാമര ഭേദമോ മനുഷ്യ മൃഗ വ്യതാസങ്ങളോ ഇല്ല .

പതിറ്റാണ്ടുകൾക്ക് മുൻപ് തകഴി ശിവശങ്കര പിള്ള എഴുതിയ ഈ കഥ മായാളികൾക് ഇപ്പോൾ കൂടുതൽ ആഴത്തിൽ മനസിലാവും ,സ്വാനുഭവത്തിന്റെ വെളിച്ചത്തിൽ വായിക്കാൻ സാധിക്കും

എല്ലാ ഭേദ പാവങ്ങൾക്കും അപ്പുറമാണ് ജീവൻ എന്ന യാഥാർഥ്യം തെളിക്കുന്നതാണ് ഓരോ പ്രകൃതി ദുരന്തവും .പ്രകൃതിയുടെ താണ്ഡവത്തിനു മുന്നിൽ ജാതി മത വ്യത്യാസങ്ങൾ ഇല്ല .പണക്കാരനെന്നോ പാവപെട്ടവനോ എന്ന വേര്തിരിവുകളല്ല ;പണ്ഡിത പാമര ഭേദമോ മനുഷ്യ മൃഗ വ്യതാസങ്ങളോ ഇല്ല .പതിറ്റാണ്ടുകൾക്ക് മുൻപ് തകഴി ശിവശങ്കര പിള്ള എഴുതിയ ഈ കഥ മായാളികൾക് ഇപ്പോൾ കൂടുതൽ ആഴത്തിൽ മനസിലാവും ,സ്വാനുഭവത്തിന്റെ വെളിച്ചത്തിൽ വായിക്കാൻ സാധിക്കും

Abvhss...Muhamma

mma

"ധ്വനി "

Abvhss...Muhamma

mma

96

"ധ്വനി "

## ***പ്രതീക്ഷയുടെ കിരണം***

ഏകാന്തമെൻ മൺവീണയിൽ
നീ തൊട്ടുണർത്തുന്ന രാവിൽ
നിൻ അനുരാഗ തീ ചൂളയിൽ
അനുരാഗമുണർന്നീടും  നാളിൽ
മാധുര്യമായൊരാ   നാളുകളിൽ
പനിനീർപൂതുക്കുന്ന പൂങ്കാവനംപോൽ
കുളിർമഴ മാതൃഭ്രവിയെ ഉണർത്തുന്നപോൽ
തിരയും തീരവും പോൽ
തെന്നൽ മരത്തെ തഴുകുന്ന പോൽ പരീക്ഷിച്ചുനോക്കുക
മഞ്ഞു മലയിൽ സൂര്യ താപമേൽകുന്ന പോൽ
ഒരു ഓഖി പോൽഫോനി പോൽ
ഇന്നും ഞാൻ ഉണർന്നു...

<u>ശ്രീലക്ഷ്മി</u>

Abvhss...Muhamma

mma

"ധ്വനി "

## തുടലറ്റം പോയി പുഴ വറ്റീം പോയാൽ കടിപറ്റൂലെ മാളോരേ......



ഒരിക്കൽ ഒരു ഗ്രാമീണൻ കായക്കുല വിൽക്കാൻ ചന്തക്കു കൊണ്ടുപോയി .പോകുന്ന വഴിയിൽ ഒരു പുഴയുണ്ട് പുഴയുടെ അക്കരെയാണ് ചന്ത .മഴവെള്ളം ഒഴുകിയെത്തുന്ന കാലമായിരുന്നു .അക്കര എത്താൻ വഞ്ചിവേണം അയാൾ വഞ്ചിക്കുവേണ്ടി കാത്തുനിന്നു.കടത്തു വഞ്ചിമാറുകരയിലായിരിന്നു. മറുകരയിൽ നിന്നു ഒരു പട്ടി കുറക്കുന്നത് കേട്ടു .നിറുത്താതെ പട്ടിയുടെ കുരകേട്ടപ്പോൾ അയാൾ ചന്തക്കു പോകേണ്ടെന്നു തീരുമാനിച്ചു,തിരിച്ചുനടന്നുഅയാൾ തലയിൽ വാഴക്കുലയും വെച്ചുകൊണ്ട് തിരിച്ചുപോകുന്നത്കണ്ടപ്പോൾഅക്കരക് പോകാൻ നിന്ന ഒരാൾ ചോദിച്ചു ; "ഹേ ,സഹോദര വഞ്ചി വരുന്നുണ്ട് .നിങ്ങൾ അക്കരക് പോരുന്നില്ലേ ? എന്താണ് തിരിച്ചുപോകുന്നത് ?'അയാൾ പറഞ്ഞു :"പുഴയുടെ അക്കരെനിന്നു പട്ടി കുരക്കുന്നത് കേട്ടില്ലേ ?അത് മനുഷ്യരെ കടിച്ചു തിന്നും ഭാഗ്യപരീക്ഷണത്തിനുഞാനില്ല."അയാളുടെ സംസാരം കേട്ടപ്പോൾ അക്കരെനിന്നആൾപറഞ്ഞു."പട്ടിഅക്കരെയല്ലേ . അതിനെപൂട്ടിയിരിക്കുവല്ലേപിന്നെഎന്തിനാഭയപ്പെടുന്നത്പട്ടിയുടെതുടലങ്ങറ്റം പോയി പുഴയങ് വറ്റിയും പോയാൽ കടിപറ്റൂലെമാളോരേ"എന്ന് പറഞ്ഞു വാഴക്കുലയും തലയിൽ വെച്ചുകൊണ്ട് അയാൾ തിരിഞ്ഞു നടന്നു .

Abvhss...Muhamma

mma

100

"ധ്വനി "

## കുപ്പായം



ആന്റി താന്നൊരു കുപ്പായം
അച്ഛൻ തേച്ചിട്ട കുപ്പായം
സെന്റ് തളിച്ച കുപ്പായം
**എനിക്കുഗമയാണ് ഈ കുപ്പായം**

സുധീർ

Abvhss...Muhamma

mma

102

"ധ്വനി "

# ഓണം വന്നു

ഓണം വന്നല്ലോ ...
പോന്നോണം വന്നല്ലോ ....
ഇനി ആഘോഷത്തിന്റെ നാളുകൾ
മാവേലിവരുന്നല്ലോ ...
അത്തപ്പൂക്കൾ ഒരുക്കണം ..
പുത്തനുടുപ്പുകൾ ഇടേണം ...
ഊഞ്ഞാൽ മരത്തിൽ കെട്ടേണം ...
ഓണസദ്യ ഒരുക്കേണം ..
ഓണം വന്നല്ലോ



**ശ്രീഹരി**



Abvhss...Muhamma

mma

104

"ധ്വനി "

# പൂച്ചകുഞ്ഞുങ്ങൾ കണ്ട കാഴ്ചകൾ



**പാച്ചി അമ്മയുടെ വീട്ടിൽ ഒരു പൂച്ചമ്മയും നാലു പൂച്ചകുഞ്ഞുങ്ങളും ഉണ്ടായിരിന്നു .പൂച്ചയമ്മ നാലു മക്കൾക്കും നാലു പേരുകൾ ഇട്ടു. കറുമ്പൻ,വെളുമ്പൻ,പാണ്ടൻ,വരയൻ എന്നിങ്ങനെയായിരുന്നു പൂച്ചകുഞ്ഞുങ്ങളുടെ പേരുകൾ .പാച്ചി അമ്മയുടെ ചായിപ്പ് മുറിയിൽ ഇട്ടിരുന്ന നാളികേരത്തിന്റെ ഇടയിലാണ് പൂച്ചമ്മയും മക്കളും കിടന്നിരുന്നത് .ഒരു ദിവസം പൂച്ചമ്മയും മക്കളും കിടക്കുന്നത് പാച്ചിയമ്മ കണ്ടു .പാച്ചിയമ്മ അടുത്തുചെന്നു നോക്കി .പൂച്ചകുഞ്ഞുങ്ങളെ കണ്ടു സന്തോഷിച്ചു .പാച്ചിയമ്മയെ കണ്ടേ പൂച്ചയമ്മ അന്ന് തന്നെ തന്നെ നാലു കുഞ്ഞുങ്ങളെയും കടിച്ചു തൂക്കി എടുത്തുകൊണ്ടുപോയി തട്ടിൻപുറത്തു ഒരു മൂലയിൽ വെച്ച് .പൂച്ചകുഞ്ഞുങ്ങൾ അവിടെ സുരക്ഷിതരായി കിടന്നു .പൂച്ചമ്മയുടെ മുല കുടിച്ചു വളർന്നു .നടന്നു തുടങ്ങിയപ്പോൾ പൂച്ചയമ്മ മക്കളെ എടുത്തു അടുക്കളയിൽ അടുപ്പിന്റെ ചുവട്ടിൽ കൊണ്ടുവന്നു വെച്ചു .പൂച്ചകുഞ്ഞുങ്ങൾ കരഞ്ഞുകൊണ്ട് അടുക്കളയിൽ പമ്മിപമ്മി നടന്നു .പാച്ചിയമ്മ പൂച്ചകുഞ്ഞുങ്ങളെ കണ്ടു .അവർക്കു സന്തോഷമായി .പൂച്ചകുഞ്ഞുങ്ങൾക് പാലും ചോറും കൊടുത്തു വളർത്തി .പൂച്ചകുഞ്ഞുങ്ങൾ വളർന്ന് അമ്മയുടെകൂടെ മുറിയിൽ ഓടി കളിച്ചു നടന്നു തുടങ്ങി .ഒരു ദിവസം പൂച്ചകുഞ്ഞുങ്ങളെ ഉറക്കി കിടത്തികൊണ്ട് പൂച്ചയമ്മ പറമ്പിലേക് ഇറങ്ങി പോയി . പൂച്ചകുഞ്ഞുങ്ങൾ ഒരകമുണർന്ന് നോക്കിയപ്പോൾ അമ്മയെ കണ്ടില്ല .അവർ നാലു പേരും കൂടി അമ്മയെ അന്വേഷിച്ചു വീടിനു പുറത്തിറങ്ങി .ആദ്യമായിട്ടാണ് അവർ വീട്ടിൽനിന്നു പുറത്തിറങ്ങുന്നത് .ആദ്യം മുറ്റത്തുകൂടിനടന്നു .പിന്നെ പറമ്പിലേക്കിറങ്ങി .മുറ്റത്തും പറമ്പിലിയും അവർ പല കാഴ്ചകളും കണ്ടു .പൂച്ചയമ്മയെ ഒരിടത്തും കണ്ടില്ല .അമ്മയെ വിളിച്ചു കരഞ്ഞുകൊണ്ട് നാലു മക്കളും അടുക്കളയിൽ വന്നു അടുപ്പിന്റെ ചുവട്ടിൽ ചുരുണ്ടുകൂടി കിടന്നുറങ്ങി . അങ്ങനെ കിടക്കുമ്പോൾ പൂച്ച അമ്മ "മ്യാവൂ ,മ്യാവൂ "എന്ന കരഞ്ഞു കൊണ്ട് എത്തി .അമ്മയുടെ കരച്ചിൽ കേട്ടപ്പോൾ പൂച്ചകുഞ്ഞുങ്ങൾ കണ്ണുതുറന്നു എഴുന്നേറ്റു .ഓടി ചെന്ന് അമ്മയോട് വിശേഷങ്ങൾ പറഞ്ഞു .നാലുപേരും അമ്മയെഅന്വേഷിച്ചു പുറത്തിറങ്ങിയെന്നും**

# "ധ്വനി "

പല കാഴ്ചകൾ കണ്ടുവെന്നും അമ്മയെ അറിയിച്ചു . അപ്പോൾ  പൂച്ചയമ്മ സ്നേഹത്തോടെ ചോദിച്ചു   "എന്തെല്ലാം കാഴ്ചകളാണ് മക്കളെ നിങ്കൽ കണ്ടത് ?".

അമ്മയുടെ ചോദ്യം കേട്ടപ്പോൾ കറുമ്പൻ ആദ്യം പറഞ്ഞു ."അമ്മേ അമ്മേ മുറ്റത്തിറങ്ങിയപ്പോ "മേ മേ എന്ന് കരയുന്ന ഒരു പൂച്ചയെ കണ്ടു ".കറുമ്പന്റെ വിവരണം കേട്ടപ്പോൾ പൂച്ചമ്മയ്ക്ക് കാര്യം മനസിലായി .പൂച്ചയമ്മ പറഞ്ഞു .

"മോനെ ,അത് പൂച്ചയല്ല "മേ ...മേ എന്ന്  കരയുന്ന   നടക്കുന്ന ജന്തു ആടാണ് ." "അത് ശരി .എനിക്ക് അത് അറിയാൻ പാടില്ലാരുന്നു .ഞാൻ കരുതി പൂച്ചയാണെന്നു ".കറുമ്പൻ പറഞ്ഞു . പൂച്ചയമ്മ വെളുമ്പൻനോട് ചോദിച്ചു :"മോനെ നീ എന്തെല്ലാം കാഴ്ചകളാണ് കണ്ടത് ?.

"ഞങ്ങൾ ഒരു തടിയൻ പൂച്ചയെ  കണ്ടു .അത് പറമ്പിൽ നിന്ന് പുല്ല്  തിന്നുകയായിരിന്നു .ഞങ്ങളെ കണ്ടപ്പോൾ അത് 'ഉം ...മ്പേ' എന്ന് വിളിച്ചു കരഞ്ഞു ."വെളുമ്പൻ അമ്മയോട് പറഞ്ഞു . പൂച്ചയമ്മ പറഞ്ഞു ."മോനെ അത് പൂച്ചയല്ല .അതാണ് പശു ."അതുശേരി ഞാൻ കരുതി പൂച്ചയാണെന്ന് ".വെളുമ്പന് തെറ്റുപറ്റിയെന്ന് ബോധ്യമായി . പൂച്ചയമ്മ പാണ്ടൻ പൂച്ചകുഞ്ഞിനോട് ചോദിച്ചു .",നീ എന്തെല്ലാം കാഴ്ചകളാണ് കണ്ടത് ?"അമ്മയുടെ ചോദ്യം കേട്ടപ്പോൾ പാണ്ടൻ പൂച്ചകുഞ്ഞു പറഞ്ഞു ."ഞാൻ രണ്ടു കാലുകളുള്ള ഒരു പൂച്ചയെ കണ്ടു .നല്ല ഭംഗിയുണ്ട് അതിനെ കാണാൻ .അവൻ ചിറകിട് അടിച്ചു കൊണ്ട് കൊ ...ക്കോ ..കോ എന്ന കൂവി ".പാണ്ടന്റെ വിവരണം കേട്ടപ്പോൾ പൂച്ചയമ്മ പറഞ്ഞു ."മോനെ പാണ്ട ,അത് പൂച്ചയല്ല .കോഴിപ്പൂവനാണ് ".പാണ്ടൻ  പൂച്ചകുഞ്ഞിനു തനിക്കു തെറ്റ് പറ്റിയെന്നു ബോദ്യമായി . പിന്നെ പൂച്ചയമ്മ വരയൻ പൂച്ചകുഞ്ഞിനോട് ചോദിച്ചു "മോനെ നീ എന്തെല്ലാം കാഴ്ചകളാണ് കണ്ടത് ? പറയൂ ,കേൾക്കട്ടെ ."അമ്മേ അമ്മേ ഞങ്ങൾ പറമ്പിൽ നടക്കുമ്പോൾ 'ബൗ ...ബൗ ..'എന്ന് പറഞ്ഞുകൊണ്ട് ഒരു പൂച്ച ഞങ്ങളുടെ നേരെ ഓടിവന്നു .ഞങ്ങൾ പേടിച്ചു ഓടി അടുക്കളയിൽ കയറി അടുപ്പിന്റെ ചുവടെ ഒളിച്ചിരുന്നു ".വരയൻ പൂച്ചകുഞ്ഞു പറഞ്ഞു .    "മക്കളെ അത് പൂച്ചയല്ല .അത് നമ്മുടെ ശത്രു പട്ടിയാണ് .അവൻ നിങ്ങളെ കൊന്നുതിന്നാതിരുന്നത് ഭാഗ്യം.ഓടി അടുക്കളയിൽ കയറിയതുകൊണ്ടാണ് രക്ഷപെട്ടത് .മേലിൽ എന്റെ കൂടെ അല്ലാതെ പുറത്തു പോകരുത് ".പൂച്ചയമ്മ പറഞ്ഞു .  "ശരിയമ്മേ "നാലുമക്കളും ഒപ്പം പറഞ്ഞു

Abvhss...Muhamma

mma

"ധ്വനി "

**ആദിത്യൻ**





Abvhss...Muhamma

mma

110

# ഓർക്കണമെന്ന്

ഓർക്കണമെന്ന്  പറയാനിന്ന ഞാൻ നിനക്കാരുമല്ല ......

മറക്കാൻ വെറുക്കാൻ ശെരിക്ക് മരിക്കുവോളമാവില്ല ...

കാലം എനിക്ക്  കനിഞ്ഞ കാണിക്ക കപടതയുള്ളതു അറിഞ്ഞില്ലേ ...

കരളുപറിച്ചിട്ടങ്ങേൽപിച്ചതു വലിയൊരുപിഴവെന്നോർത്തില്ല ....

 എന്നെ പിരിഞ്ഞു കണ്ണീർപകർന്നു ...

നീയിന്നകന്നു ദൂരെ ...

എല്ലാം വെടിഞ്ഞു , കണ്ണീർപകർന്നു

പുതിയത് തേടുകിതാരെ .....

ശ്രീലക്ഷ്മി



# ഓർമ

*ഓർമ പറയുന്ന എന്നുള്ളം നീറുന്ന ......*
*എന്റെ മിഴിയെന്നും ദിനം*
*നിന്നെ തേടുന്ന ...*
*കണ്ണീരിൽ മുങ്ങി നനച്ചൊരു*
*സുന്ദര പ്രണയമിന്നെവിടെ ...*
*കദനങ്ങളിൽ നായികയായെൻ*
*പ്രിയതേയും ഇന്നെവിടെ ....*
*കദനം തിരിഞ്ഞു നോക്കുമ്പോൾ*
*എൻ ജീവനായിരുന്നു...*
*മിഴി പൂട്ടാതെ ഞാൻ കണ്ടൊരു*
*സ്വപ്നം കകളിമണ്ണാക്കിയ തെന്തിന്നു നീ ...*
*പിരിയുകയല്ലാതൊരു വഴി ഇനി ജീവിത*
*പാതയിലറിയാൻ....*
*പ്രണയം അത് പകരാനിനിയൊരു*
*പ്രിയനൊരു അരികിൽ വരുകയില്ല.......*



ശ്രീലക്ഷ്മി



"ധ്വനി "

## മിന്നുന്നതെല്ലാം പൊന്നല്ല

ഹേ പനിനീർ പൂവേ, നിന്നുടെ-
അഴകോരുടലിൽ മയങ്ങുന്നു പലരും
നിൻ ദിവ്യസുഗന്ധത്തിൽ പലരും
എന്നാലവരാരും അറിയുന്നീല നിൻ-
മേനി നിറയെ മുള്ളുകളെന്ന്
പുറംഭംഗി കണ്ടു ഭ്രമിക്കുന്നരോർക്ക
മിന്നുന്നതെല്ലാം പൊന്നല്ലെന്ന്

-അർച്ചന




Abviss...Muhamma

mma

# നീലാകാശം

*എതിരില്ലാതെ പറന്നുകിടപ്പു -*
*ണ്ടകാശം നീലാകാശം*
*അവിടെപക്ഷികണക്കെ പായാൻ*
*കവിയുന്നുണ്ടേ മോഹം*
*ചിറകില്ലാത്ത പറക്കാനാകുമോ*
*ചിന്താശ്ശൂന്യതയില്ലാതെ ?*
*ഗഗനരത്തിൽ കയറിപ്പോകാം*
*ഗതിലിില്ലല്ലോ  വേറെ*
*എന്നാലെന്റെ മനസ്സിന് ചെല്ലാ -*
*മേലാദ്ധ്ക്കിലും മൊപ്പം*
*ചിറകില്ലാതെ രെദമില്ലാതെ*
*പാറാനെങ്ങനെയാവും ?*
*ആര് കൊടുത്തു ശക്തി മനസ്സിന്*
*ദൂരം തരണം  ചെയ്വാൻ ?*



**ജയകൃഷ്ണൻ**

" ധ്വനി "

# പ്രതീക്ഷയുടെ കിരണം

ഏകാന്തമെൻ മൺവീണയിൽ
നീ തൊട്ടുണർത്തുന്ന രാവിൽ
നിൻ അനുരാഗ തീ ചൂളയിൽ
അനുരാഗമുണർന്നീട്ടും  നാളിൽ
മാധുര്യമായൊരാ   നാളുകളിൽ
പനിനീർപൂതുക്കുന്ന പൂങ്കാവനംപോൽ
കുളിർമഴ മാതൃഭ്രവിയെ ഉണർത്തുന്നപോൽ
തിരയും തീരവും പോൽ
തെന്നൽ മരത്തെ തഴുകുന്ന പോൽ പരീക്ഷിച്ചുനോക്കുക
മഞ്ഞു മലയിൽ സൂര്യ താപമേൽകുന്ന പോൽ
ഇന്നും ഞാൻ ഉണർന്നു...

ശ്രീലക്ഷ്മി

Abvhss...Muhamma

mma

120

"ധ്വനി "



Abvhss...Muhamma

mma

122

"ധ്വനി "



## പറയാതെ പോയി

തന്നനം പാടുന്ന പൂമ്പാറ്റയും
വട്ടമിട്ടടുന്ന ചെമ്പരുന്തുമെന്തേ ?
ആഗോളതാപനം കാരണത്താലവർ
ഭൂവിതുവിട്ടു പറയാതെ പോയി
പാറിപ്പറക്കുന്ന കിളികളും മറ്റും
എവിടേക്കു എവിടേക്കു പറന്നുപോയി ?
വായുമലിനീകരണം കാരണത്താലവർ
പറന്നു പറന്നു പറയാതെ പോയി
നാം സ്നേഹിച്ച നമ്മുടെ ഭൂമി
എന്തിനു വിട്ടു പിരിഞ്ഞു പോയി ?
ദുഷ്ട മനുഷ്യരുടെ കരണത്താലവർ
നമ്മെ വിട്ടെങ്ങോ മാറി പോയി

Abvhss...Muhamma

mma

# ഇനിയും വരും .....

വിജനമീ വഴിത്താരയിൽ
സ്വപ്ന ഇതളുകൾ വിരിയുമ്പോൾ
തൂവെളിച്ചമായി ഉണരുന്ന
മനസ്സിന്റെ വഴിവക്കത്ത്
ആലിലാ കരഘോഷത്താൽ
കടലിന്റെ താണ്ഡവത്തോടെ
കണ്ണിമ ചിമ്മാതെ കാത്തുനിന്ന
ഇനിയും വരുവാൻ ..........

Abvhss...Muhamma

mma

"ധ്വനി "

ഈ മാഗസിന്റെ നിർമ്മാണത്തിലേയ്ക്ക് സർഗ്ഗരചനകൾ

നൽകി സഹായിച്ച എല്ലാ കൂട്ടുകാർക്കും

മാർഗനിർദേശം നൽകിയ അദ്ധ്യാപകർക്കും

പൂർണ്ണതയിലേക്കെത്തിച്ച

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും

ഹൃദയത്തിന്റെ ഭാഷയിൽ

ഒരായിരം

നന്ദി ........

